'ഭരണഭാഷ–മാതൃഭാഷ'

आजादी का अमृत महोत्सव

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം – കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് – കാലഹരണപ്പെട്ട എസ്.എൽ.ഐ പോളിസികൾ പുനരുജ്ജീവിപ്പിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്–ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.4929/2025/ധന** **തീയതി, തിരുവനന്തപുരം, 03–06–2025**

പരാമർശം :–
1. ജി.ഒ.(പി).നം.840/88/ധന തീയതി 16/11/1988.
2. ഇൻഷ്വറൻസ് ഡയറക്ടറുടെ 23/04/2025 തീയതിയിലെ കെ.എസ്.ഐ.ഡി/480/എച്ച്. ക്യൂ– ജി.എസ് 5 നമ്പർ കത്ത്.
3. ഇൻഷ്വറൻസ് ഡയറക്ടറുടെ 25/04/2025 തീയതിയിലെ കെ.എസ്.ഐ.ഡി/എസ്.എൽ.ഐ/ജിഎസ്1/ എച്ച് ക്യൂ 602/2025 നമ്പർ കത്ത്.
4. ഇൻഷ്വറൻസ് ഡയറക്ടറുടെ 09/04/2025 തീയതിയിലെ കെ.എസ്.ഐ.ഡി/എസ്.എൽ.ഐ 517/2025 എച്ച്. ക്യൂ– ജി.എസ്.2 നമ്പർ കത്ത്
5. ഇൻഷ്വറൻസ് ഡയറക്ടറുടെ 26/04/2025 തീയതിയിലെ കെ.എസ്.ഐ.ഡി/എസ്.എൽ.ഐ 609/25– എച്ച്. ക്യൂ ജി.എസ്.3 നമ്പർ കത്ത്.
6. ഇൻഷ്വറൻസ് ഡയറക്ടറുടെ 30/04/2025 തീയതിയിലെ കെ.എസ്.ഐ.ഡി/എസ്.എൽ.ഐ 560/25– എച്ച്. ക്യൂ ജി.എസ്.2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിവിധ കാരണങ്ങളാൽ എസ്.എൽ.ഐ പോളിസി പ്രീമിയം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് കാലഹരണപ്പെട്ട പരാമർശം (2) മുതൽ (6) വരെ ലഭ്യമാക്കിയിട്ടുള്ള എസ്.എൽ.ഐ പോളിസികൾ പരാമർശം (1) –ലെ എസ്.എൽ.ഐ ചട്ടം 21. 1 –ൽ ഇളവ് വരുത്തി കുടിശ്ശിക പ്രീമിയം പിഴപ്പലിശ സഹിതം, കുടിശ്ശിക വന്ന തീയതി മുതൽ ഈടാക്കി പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 21.1 –ൽ ഇളവ് വരുത്തി, ചുവടെ ചേർക്കുന്ന എസ്.എൽ.ഐ പോളിസികളുടെ കുടിശ്ശിക പ്രീമിയം, കുടിശ്ശിക വന്ന തീയതി മുതൽ അടയ്ക്കുന്ന തീയതി വരെ 9% കൂട്ടുപലിശ സഹിതം ഒറ്റത്തവണയായോ രണ്ടോ മൂന്നോ തവണകളായോ അടച്ച്, ടി പോളിസികളുടെ ആനുകൂല്യം, തുക അടച്ച് രസീത്/ ചെലാൻ കൈപ്പറ്റുന്ന തീയതി മുതൽ മാത്രമായിരിക്കുമെന്നുള്ള നിബന്ധനയോടെ, പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പോളിസി നമ്പർ | പേരും മേൽ വിലാസവും | കൃത്യമായ പ്രീമിയം തുക കിഴിവ് വരുത്തുന്നതിൽ മുടക്കം വരുത്തിയ കാലയളവ് | പ്രീമിയം തുക മുടക്കം വരുത്തിയതിനുള്ള കാരണം |
|---|---|---|---|---|
| 1 | കെ.എസ്.ഐ.ഡി/ എൽ.ഐ/എ.എൽ. പി/280815775 | ശ്രീമതി. പ്രീതി ശിവൻ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി തിരുവനന്തപുരം | 12/2010 മുതൽ 01/2013 വരെ | കെ.എസ്.ആർ പാർട്ട് – I റൂൾ 91 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ |

| | | | | |
|---|---|---|---|---|
| | | | 01/2021 മുതൽ 01/2024 വരെ | കെ.എസ്.ആർ പാർട്ട് - I അനുബന്ധം XII-എ പ്രകാരം ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ |
| 2 | കെ.എസ്.ഐ. ഡി/എൽ.ഐ/ 10101042696 | ശ്രീ. ജെയ് മോൻ. പി.ആർ എച്ച്.എസ്.എസ്.ടി എ.വി.എച്ച്.എസ്.എസ് കുറിച്ചി, കോട്ടയം | 09/2004 മുതൽ 06/2006 വരെ | ക്ലറിക്കൽ മിസ്റ്റേക്ക് |
| | | | 09/2007 മുതൽ 04/2010 വരെ | സ്ഥലം മാറ്റം ആയതിന് അംഗീകാരം ലഭിക്കുന്നതിൽ വന്ന കാലതാമസം |
| 3 | കെ.എസ്.ഐ. ഡി/എൽ.ഐ/ 240635466 | ശ്രീമതി. ധന്യ. പി. ബി യു.പി.എസ്.എ എസ്.എൻ.കെ യു.പി.എസ് വെമ്പല്ലൂർ, പത്താഴക്കാട് | 09/2008 മുതൽ നാളിതുവരെ | തസ്തിക നഷ്ടപ്പെട്ടതിനാൽ |
| 4 | കെ.എസ്.ഐ. ഡി/എൽ.ഐ/ 280162450 | ശ്രീമതി. ലത. ഒ. വി സീനിയർ നഴ്സിംഗ് ഓഫീസർ ജനറൽ ആശുപത്രി തലശ്ശേരി, കണ്ണൂർ | 06/2001 മുതൽ 09/2002 വരെ | ക്ലറിക്കൽ മിസ്റ്റേക്ക് |
| 5 | കെ.എസ്.ഐ. ഡി/എൽ.ഐ/ 110071300759 | ശ്രീ. ഷിജു പോൾ സീനിയർ അക്കൗണ്ടന്റ് (ഹ.ഗ്രേ) സബ് ട്രഷറി കോതമംഗലം, എറണാകുളം | 06/2013 മുതൽ 08/2014 വരെ | ക്ലറിക്കൽ മിസ്റ്റേക്ക് |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ&ഇ )കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം

ഇൻഷുറൻസ് ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഇൻഷുറൻസ് ഡയറക്ടർ മുഖേന)

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (നം.3138924/എസ്റ്റാ.ഡി 2/59/2025/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ